പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 457 01-07-2013-ൽ മറുപടിയ്ക്ക്

<u>കോടതി തീർപ്പുകൽപ്പിച്ച കേസുകളിൽ തുടരന്വേഷണം</u>

<u>ചോദ്യം</u>

ശ്രീ. ജെയിംസ് മാത്യു
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. എം. ഹംസ

(എ) കോടതി തീർപ്പു കൽപ്പിച്ച കേസുകളിൽ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കക്ഷികൾ തുടരന്വേഷണം ആവശ്യപ്പെട്ടാൽ അത്തരം കേസുകളിൽ എടുക്കുന്ന പൊതുവായ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ ഏതെല്ലാം ആവശ്യങ്ങൾ പരിഗണിക്കുകയുണ്ടായി; പരിഗണിച്ച കേസുകളിൽ എടുത്ത നിലപാടുകൾ എന്തായിരുന്നു;

<u>മറുപടി</u>

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) കോടതി തീർപ്പു കൽപ്പിച്ച കേസുകളിൽ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും ഉണ്ടാകുമ്പോൾ ക്രിമിനൽ നടപടി നിയമം 1973-ലെ സെക്ഷൻ 173(8) അനുസരിച്ച് ബന്ധപ്പെട്ട കോടതിയ്ക്ക് റിപ്പോർട്ട് കൊടുത്ത് അനുവാദം വാങ്ങിയാണ് തുടരന്വേഷണം നടത്തുന്നത്.

(ബി) ശ്രീ. എം.എം. മണിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അഞ്ചേരി ബേബി എന്നയാളുടെ കൊലപാതകത്തിന് ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 118/1982, മുള്ളൻചിറ മത്തായി എന്നയാളുടെ കൊലപാതകത്തിന് രാജാക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.2/1983, മുട്ടുകാട് നാണപ്പൻ എന്നയാളുടെ കൊലപാതകത്തിന് ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.65/1983, ബാലു എന്നയാളുടെ കൊലപാതകത്തിന് പീരുമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.206/2004 എന്നീ കേസുകളിലും എൻ.കെ. സുനിൽകുമാർ @ കൊടി സുനി എന്നയാളിന്റെ വെളിപ്പെടുത്ത

ലിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം.177/08 നമ്പർ കേസിലും മനോജ് @ കിർമാനി മനോജ് എന്നയാളിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.364/02 നമ്പർ കേസിലും ടി.കെ. രജീഷ് എന്നയാളിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ധർമ്മടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 44/07, പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.252/99 (ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതകം) നമ്പർ എന്നീ കേസുകളിലും തുടരന്വേഷണം നടത്തിവരുന്നു.

| | |
|---|---|
| (സി) ഒരേ സ്വഭാവമുള്ള കേസുകളിൽ രണ്ടുതരം സമീപനം സ്വീകരിക്കുകയുണ്ടായോ; രാഷ്ട്രീയ പ്രേരിതമായി വിവേചനത്തോടെ കേസുകളിൽ നിലപാട് സ്വീകരിക്കുന്നുവെന്ന ആക്ഷേപത്തെപ്പറ്റി നിലപാട് വ്യക്തമാക്കുമോ ? | (സി) ഒരേ സ്വഭാവമുള്ള കേസുകളിൽ രണ്ടുതരം സമീപനം സ്വീകരിക്കുകയോ രാഷ്ട്രീയ പ്രേരിതമായി വിവേചനത്തോടെ നിലപാട് സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഇത്തരം കേസുകളിൽ നിയമാനുസൃതമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ